| 09-09-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ജ്ഞാനത്തെ അഗ്നി എന്നു പറയില്ല, യോഗമാണ് അഗ്നി, യോഗത്തിൽ ഇരിക്കുന്നതിലൂടെ തന്നെയാണ് നിങ്ങളുടെ പാപങ്ങൾ ഭസ്മമാവുക, നിങ്ങൾ ശുദ്ധമായി വെളുത്തവരായി മാറും.**

**ചോദ്യം:-** ഏതു കുട്ടികളുടെ ബുദ്ധിയാകുന്ന ആവനാഴിയിലാണ് ജ്ഞാനത്തിന്റെ ബാണം സദാ നിറഞ്ഞിരിക്കുക?

**ഉത്തരം:-** ആരാണോ ദിവസവും ജ്ഞാനം നല്ലരീതിയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് അവരുടെ ബുദ്ധിയാകുന്ന ആവനാഴിയിൽ ജ്ഞാനത്തിന്റെ ബാണങ്ങൾ സദാ നിറഞ്ഞിരിക്കും. അവർക്കേ മാതാപിതാവിനു സമാനം മുള്ളുകളെ മൊട്ടുകളും മൊട്ടുകളെ പുഷ്പവുമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യാൻ കഴിയൂ. ആരാണോ നല്ലരീതിയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് അവരാണ് ഉയർന്ന പദവി നേടുന്നത്.

**ഗീതം:-** എൻ മനസ്സിൻ വാതിലിൽ വന്നതാരോ.....

**ഓം ശാന്തി**. കുട്ടികൾക്ക് ഓംശാന്തിയുടെ അർത്ഥം മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഓം അർത്ഥം ഞാൻ ആത്മാവാണ്. ഞാൻ ആത്മാവാണ് പറയുന്നത് എന്റെ സ്വധർമ്മം ശാന്തിയാണ് ഞാൻ ശാന്തീദേശത്തിൽ വസിക്കുന്നവനാണ്. ഇവിടെ കർമ്മേന്ദ്രിയങ്ങൾ ലഭിക്കുമ്പോഴാണ് സംസാരിക്കുന്നത്. ഇതിന്റെ(ശരീരം) ആധാരമെടുത്ത് നമ്മൾ ആത്മാക്കൾ കർമ്മം ചെയ്യുന്നു. കർമ്മം തീർച്ചയായും കർമ്മേന്ദ്രിയങ്ങളിലൂടെയല്ലേ ചെയ്യുക. ആത്മാവാണ് പറയുന്നത് ഇത് ആരാണ്, എവിടെനിന്നാണ് വന്നത്? അവരെ നമ്മൾ ഓർമ്മിക്കുന്നുണ്ട് മിനിറ്റിന് മിനിറ്റിന് മറന്നുപോവുകയും ചെയ്യുന്നു, എന്തുകൊണ്ടെന്നാൽ ഈ അച്ഛന്റെ ഓർമ്മയിൽ നമ്മൾ ഇതിനുമുമ്പ് ഇരുന്നിട്ടില്ല. മറ്റു സത്സംഗങ്ങളിൽ സന്യാസിയോ വിദ്വാനോ ആയിരിക്കും മുന്നിൽ ഇരിക്കുക. അവർ വേദം, ഉപനിഷത്ത്, രാമായണം മുതലായവ കേൾപ്പിക്കും. ആത്മാക്കളുടെ ബുദ്ധിയിൽ ശാസ്ത്രങ്ങളുടെ ഓർമ്മയാണുണ്ടാവുക. ഗുരുവിനെ കാണുന്നതിൽ മുഴുകും. ഇവിടെ നിങ്ങൾക്ക് അറിയാം- പരമപിതാ പരമാത്മാവ് വരുന്നുണ്ട്. അവരും ആത്മാവ് തന്നെയാണ് എന്നാൽ സുപ്രീം ആത്മാവാണ് വന്ന് ഇവരിൽ പ്രവേശിക്കുന്നു. നിങ്ങൾക്ക് അറിയാം പരമപിതാ പരമാത്മാവ് ഇവരിൽ വന്നിരുന്ന് നമ്മെ സഹജരാജയോഗം പഠിപ്പിക്കുകയാണ്. നിങ്ങളുടെ ബുദ്ധി ശാസ്ത്രങ്ങൾ അഥവാ ദേഹത്തിനുനേരെ പോകുന്നില്ല. നിങ്ങൾക്ക് സ്വയം അശരീരി ആത്മാവാണെന്ന് നിശ്ചയം ചെയ്യണം. ആത്മാവാണ് ആദ്യം. ആത്മാവിന്റെ ആധാരത്തിലാണ് ശരീരം പ്രവർത്തിക്കുന്നത്. ആത്മാവ് അവിനാശിയാണ്. നമ്മൾ ആത്മാക്കൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. അച്ഛൻ തന്റേയും മനുഷ്യ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും പരിചയം ഇരുന്ന് നൽകുകയാണ്. ബാബയെത്തന്നെയാണ് ജ്ഞാനസാഗരൻ എന്നു പറയുന്നത്. ഈശ്വരന്റേയും ഈശ്വരന്റെ രചനകളുടേയും ജ്ഞാനം മറ്റാരിലുമില്ല. ഋഷിമുനിമാർ അന്ത്യമില്ലാത്തത് എന്നാണ് പറഞ്ഞുവന്നത്, രചയിതാവും രചനയും അനന്തമാണ്, ഞങ്ങൾക്ക് അറിയുകയില്ല. അച്ഛൻ കുട്ടികളെ പ്രത്യക്ഷമാക്കും എന്ന് പറയാറുണ്ട്. അച്ഛൻ തന്റെ പരിചയം കുട്ടികൾക്ക് നൽകുകയാണ്. കുട്ടികൾ അച്ഛന്റെ പരിചയം മറ്റുള്ളവർക്ക് നൽകും. മനുഷ്യർ ആ അച്ഛനെ അറിയാത്തതിനാലാണ് സർവ്വവ്യാപിയാണ് എന്ന് പറയുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ഹൃദയത്തിൽ ബാബയുടെ ഓർമ്മ വന്നു. നിങ്ങളുടെ ഉള്ളിലേയ്ക്ക് ബാബ പ്രവേശിച്ചു എന്നല്ല. അച്ഛന്റെ പരിചയം ലഭിച്ചു. ഇപ്പോൾ അച്ഛൻ പറയുന്നു എന്നെ ഓർമ്മിക്കൂ. ഞാൻ സർവ്വവ്യാപിയാണ് എന്നല്ല പറയുന്നത്. എന്നെ ഓർമ്മിക്കുകയാണെങ്കിൽ യോഗാഗ്നിയിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും. അച്ഛൻ സർവ്വശക്തിവാനല്ലേ. ബാബയെ ഓർമ്മിക്കുന്നതിലൂടെ വികർമ്മം വിനാശമാകും. ജ്ഞാനത്തെ അഗ്നി എന്നു പറയില്ല. യോഗത്തെയാണ് അഗ്നി എന്നു പറയുന്നത് ഇതിലൂടെ വികർമ്മം വിനാശമാകുന്നു. ബാക്കി ആരുടെ ഓർമ്മയിലൂടെയും പാപം ഭസ്മമാകില്ല.

ഈ കളി മുഴുവനും ഭാരതത്തിലാണ് ഉണ്ടാക്കിയിരിക്കുന്നത്. ഭാരതം വജ്രമായിരുന്നു അന്ത്യത്തിൽ ഭാരതം കക്കയ്ക്കു സമാനമായി മാറുന്നു. ഭാരതത്തിൽ വജ്രങ്ങളും വൈഡൂര്യങ്ങളും കൊണ്ടുള്ള കൊട്ടാരങ്ങൾ പണിതിരുന്നു. സോമനാഥ ക്ഷേത്രത്തിൽ എത്ര സമ്പത്ത് ഉണ്ടായിരുന്നു. ഭാരതത്തെപ്പോലെ ധനികമാകാൻ മറ്റൊരു ധർമ്മത്തിനും സാധിക്കില്ല. ഭാരതവാസികൾ മഹാനും സുഖികളുമായിരുന്നു. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ഓർമ്മവന്നു, 5000 വർഷങ്ങൾക്ക് മുമ്പ് ഉള്ള കാര്യമാണ് അഥവാ ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ് നിങ്ങൾ ഭാരതവാസികൾ എത്ര ധനികരായിരുന്നു. ഇപ്പോൾ തീർത്തും പാപ്പരായിരിക്കു

ന്നു. ഗവൺമെന്റ് പ്രജകളിൽ നിന്ന് കടം വാങ്ങിക്കുന്നു. ഇത് പരിധിയില്ലാത്ത അച്ഛനാണ് വന്നിരുന്ന് മനസ്സിലാക്കിത്തരുന്നത്.

നിങ്ങൾ ശ്രീ ശ്രീ ശിവബാബയുടെ ശ്രീമത്തിലൂടെ നടക്കുകയാണെങ്കിൽ സ്വർഗ്ഗത്തിലെ ശ്രേഷ്ഠ ദേവീദേവതയായി മാറും. ഇവിടെ നിങ്ങൾ വന്നിരിക്കുന്നത് മനുഷ്യനിൽ നിന്നും ദേവതയാകാനാണ്. ഏക് ഓംകാരം, സത്യമായ നാമം, എല്ലാം ചെയ്യുന്നവൻ.... ഈ മഹിമ മുഴുവൻ ആ ഒരാളുടേതാണ്. ആ ഒരാളെ ഒരിയ്ക്കലും കാലൻ വിഴുങ്ങുന്നില്ല. ആ ഒരാൾ തന്നെയാണ് മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നത്. വിസർജ്യങ്ങൾ നിറഞ്ഞ വസ്ത്രത്തെ വൃത്തിയാക്കുന്നു. നിങ്ങൾ ആത്മാക്കളെ ജ്ഞാനയോഗത്തിലൂടെ വെളുത്തവരാക്കി മാറ്റുന്നു. നിങ്ങൾക്ക് ലക്ഷ്യം ലഭിക്കുകയാണ് ശിവബാബയെ ഓർമ്മിക്കുവെന്ന്, ഇതിലൂടെ നിങ്ങൾ വെളുത്തവരാകുന്നു. ആത്മാവ്, ശരീരം രണ്ടും സുന്ദരമായി മാറും. സത്യത്തിൽ നിങ്ങളുടെ പേര് ശ്യാമസുന്ദരൻ എന്നാണ്. സത്യയുഗത്തിൽ ആത്മാവ് ശരീരം രണ്ടും സുന്ദരമാണ്. കലിയുഗത്തിൽ കറുത്തവരാകുന്നു. സുന്ദരനിൽ നിന്നും ശ്യാമൻ, ശ്യാമനിൽ നിന്നും സുന്ദരനുമായി മാറുന്നു.

നിങ്ങൾക്ക് അറിയാം ഇത് ഒരു ഗുരുവോ മുനിയോ അല്ല. ഇത് പരമധാമത്തിൽ വസിക്കുന്ന പരമപ്രിയനായ അച്ഛനാണ്. പറയുന്നു എപ്പോഴാണോ ധർമ്മഗ്ലാനി ഉണ്ടാകുന്നത്, ഭാരതവാസികൾ ധർമ്മഭ്രഷ്ടർ, കർമ്മഭ്രഷ്ടരാകുന്നത് അപ്പോൾ ഞാൻ വരുന്നു. ഇതും ഡ്രാമയിലെ കളിയാണ്. ധനികനും പാപ്പരും ആയി മാറുന്നു. അച്ഛനെ നോളേജ്ഫുൾ ജ്ഞാനസാഗരൻ എന്നാണ് പറയുന്നത്. എപ്പോൾ ഭക്തി പൂർത്തിയാകുന്നുവോ അപ്പോഴല്ലേ ജ്ഞാനസാഗരൻ വരുക. ജ്ഞാനാഞ്ജനം സദ്ഗുരു നൽകിയതും അജ്ഞാനാന്ധകാരം വിനാശമായി. ഇപ്പോൾ എല്ലാവരും കുംഭകർണ്ണനെപ്പോലെ അജ്ഞാനാന്ധകാരത്തിൽ ഉറങ്ങിക്കൊണ്ടിരിക്കുകയാണ്. അല്ലയോ ഗോഡ്ഫാദർ എന്ന് വിളിക്കുന്നുണ്ട് എന്നാൽ ആ അച്ഛനെ അറിയുന്നില്ല. അച്ഛൻ വന്ന് മനസ്സിലാക്കിത്തരുകയാണ്– ഇപ്പോൾ ഞാൻ സ്വയം ആത്മാവാണെന്നു നിശ്ചയം ചെയ്യൂ. ആത്മാവ് തന്നെയാണ് പതിതമായി മാറുന്നതും വീണ്ടും പാവനമായി മാറുന്നതും. സത്യയുഗത്തിൽ പാവനമായിരുന്നു പിന്നീട് 84 ജന്മങ്ങളെടുത്ത് പതീതമായി മാറി. ബ്രഹ്മാബാബയ്ക്കും ആദ്യം അറിയില്ലായിരുന്നു ഇപ്പോൾ അറിയാം ഇത് ഇവരുടെ അനേക ജന്മങ്ങളുടെ അന്തിമ ജന്മമാണെന്ന്. എല്ലാ കാര്യങ്ങളുടേയും അനുഭവിയാണ്. തീർച്ചയായും അനുഭവിയായ ശരീരം ആവശ്യമാണല്ലോ. ഗുരുക്കന്മാരുമുണ്ടായിരുന്നു. കൃഷ്ണന് ഒരിയ്ക്കലും ഗുരുവിന്റേയോ പണ്ഢിതന്റേയോ ആവശ്യമുണ്ടാകില്ല. ഇത് മറവിയുടെ കളിയാണ്. തന്റെ കല്പനകൾ ഇരുന്ന് ഉണ്ടാക്കിയതാണ്. നിങ്ങൾ ബ്രാഹ്മണകുല ഭൂഷണർ ശ്രേഷ്ഠരാണ്. നിങ്ങളാണ് ഈശ്വരീയ സന്താനങ്ങൾ. ഇവിടെ നിങ്ങൾ യജ്ഞത്തിന്റെ സത്യം സത്യമായ സേവനം ചെയ്യുകയാണ്. വാസ്തവത്തിൽ നിങ്ങളാണ് ആത്മീയ സാമൂഹിക സേവകർ, അവർ ഭൗതികമാണ്.

ആത്മാക്കളെയാണ് ബാബ പഠിപ്പിക്കുന്നത്. ആത്മാവ് പഠിക്കുന്നില്ലേ. ആത്മാവാണ് കേൾക്കുന്നത്. ആത്മാവാണ് പറയുന്നത് ഞാൻ വക്കീൽ ആയിരിക്കുന്നു...... ഇപ്പോൾ ആത്മാവ് പറയുന്നു നമ്മൾ നരനിൽ നിന്നും നാരായണനാവുകയാണ്. ബാബ പറയാറുണ്ട്. ആ പരിധിയില്ലാത്ത അച്ഛൻ എല്ലാവരുടേയും അച്ഛനാണ്. അച്ഛൻ നമ്മെ രാജയോഗം പഠിപ്പിക്കുന്നു. അച്ഛൻ നിരാകാരനാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കരനെ ഭഗവാൻ എന്നു പറയില്ല. അവർ ദേവതകളാണ്. ബ്രഹ്മാദേവതായേ നമ: എന്നു പറയാറില്ലേ. ഈ സാകാരത്തിലുള്ള ബാബ എപ്പോൾ അവ്യക്തമായി സൂക്ഷ്മവതനവാസിയാകുന്നോ അപ്പോൾ വീണ്ടും ഇവരെ ദേവത എന്നു പറയും. അതിനാൽ ഇതെല്ലാം മനസ്സിലാക്കേണ്ടതും മനസ്സിലാക്കിക്കൊടുക്കേണ്ടതുമായ കാര്യങ്ങളാണ്. ദിവസവും ഗുഹ്യത്തിലും ഗുഹ്യമായ കാര്യങ്ങൾ കേൾപ്പിക്കും അതു കേൾക്കണം. അഥവാ പറയുകയാണ് സമയമില്ല, കേൾക്കുന്നില്ലാ എങ്കിൽ പുതിയ പുതിയ ജ്ഞാനബാണം എങ്ങനെ ബുദ്ധിയാകുന്ന ആവനാഴിയിൽ നിറയും. ആരാണോ നല്ലരീതിയിൽ പഠിച്ച് പഠിപ്പിക്കുന്നത് അവരാണ് ഉയർന്ന പദവി നേടുന്നത്. ബാബയും മമ്മയും പഠിച്ചിട്ട് പഠിപ്പിക്കുന്നില്ലെ. അതിനാൽ ആരാണോ മുള്ളുകളെ മൊട്ടും പുഷ്പങ്ങളുമാക്കി മാറ്റുന്നത്, അവരാണ് ഉയർന്ന പദവി നേടുന്നത്. ഇത് വളരെ സഹജമാണ്. ഇതിൽ പേടിക്കാനും പാടില്ല. വളരെപ്പേർ പറയുന്നു ഇത് വളരെ ബുദ്ധിമുട്ടാണ്, അസംഭവ്യമാണ് എന്ന്. എങ്കിൽ ഈ ലക്ഷ്മീ നാരായണന്മാർ എങ്ങനെയാണ് ഉണ്ടായത്! ഇത് ആർക്കും അറിയില്ല. ബാബ പറയുന്നു ഞാൻ ഇതിൽ പ്രവേശിച്ചിരിക്കുകയാണ്. ഇവർ പൂർണ്ണമായി 84 ജന്മങ്ങൾ എടുത്തിട്ടുണ്ട്. ഇത് ഇവർക്ക് അറിയില്ലായിരുന്നു, ഞാനാണ് പറഞ്ഞുതരുന്നത്– നിങ്ങൾ കൃഷ്ണപുരിയുടെ അധികാരിയായിരുന്നു. ഇപ്പോൾ അത് കഴിഞ്ഞുപോയി. ഇപ്പോൾ അത് സ്വപ്നമായി. എങ്ങനെയാണോ നെഹ്റു മരിച്ചപ്പോൾ നെഹ്റു സ്വപ്നമായത് അതുപോലെ എന്താണോ അഭിനയിച്ചത് അത് കഴിഞ്ഞുപോയി. നിങ്ങൾക്ക് ബ്രഹ്മാണ്ഡം, മൂലവതനം, സൂക്ഷ്മ വതനം ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരുടെ ജീവിതകഥ എല്ലാം അറിയാം.

ശിവബാബ, ലക്ഷ്മീ നാരായണൻ എല്ലാവരുടേയും ജീവിതകഥ അറിയാം. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ബ്രാഹ്മണവർണ്ണമാണ് സർവ്വശ്രേഷ്ഠം. കുടുമ ബ്രാഹ്മണരുടെ അടയാളമാണ്. ബ്രാഹ്മണർക്ക് മുകളിലാണ് ശിവബാബ. ബ്രാഹ്മണൻ, ദേവത, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ. നിങ്ങൾ ഈ ചക്രം കറങ്ങുന്നു. ഞാൻ തന്നെയാണത്, അതുതന്നെയാണ് ഞാൻ– ഇത് നിങ്ങൾക്കാണ് ചേരുന്നത്. ഞങ്ങൾ തന്നെയായിരുന്നു ശൂദ്രൻ, വീണ്ടും ഞങ്ങൾതന്നെ ബ്രാഹ്മണരായി മാറി, ഇനി നമ്മൾ തന്നെ ദേവതയായി മാറും. എത്ര സഹജമായ കാര്യമാണ്! ബാക്കി ആത്മാവ് തന്നെയാണ് പരമാത്മാവെന്നു പറയുക, അച്ഛനെ സർവ്വവ്യാപിയെന്നു പറയുക, ഇതെല്ലാം അച്ഛനെ ഗ്ലാനി ചെയ്യലാണ്. ഇപ്പോൾ അച്ഛൻ വന്നിരിക്കുകയാണ്, അച്ഛൻ മനസ്സിലാക്കിത്തരുകയാണ്, ഈ രാവണൻ നിങ്ങളുടെ ഏറ്റവും വലിയ പഴയ ശത്രുവാണ്. രാവണനാണ് നിങ്ങളെ പതിതവും കക്കയ്ക്കുതുല്യവുമാക്കി മാറ്റിയത്. മായാജീത്ത് തന്നെയാണ് ജഗദ്ജീത്ത് എന്ന് പറയാറുണ്ട്. മായ വലിയ കൊടുങ്കാറ്റുകൾ കൊണ്ടുവരുന്നു, വളരെ ഭയപ്പെടുത്തുന്നു. ഇതിൽ പേടിക്കരുത്. ബാബാ കൃപ കാണിക്കു എന്നും പറയരുത്. ബാബ പറയും നിങ്ങൾ പഠിച്ച് നിങ്ങളോടുതന്നെ കൃപ കാണിക്കു. ബാബയുടെ കൃപയിലൂടെ നിങ്ങൾ ചിരഞ്ജീവിയായി മാറുകയൊന്നുമില്ല. ദേവതകൾക്കാണ് കൂടുതൽ ആയുസ്സ് ഉണ്ടാവുക. നിങ്ങൾ ഇവിടെ സ്ക്കൂളിൽ ഇരിക്കുകയാണ്. നിങ്ങൾ പറയും ഞങ്ങൾ ഈശ്വരന്റെ കോളേജിലേയ്ക്ക് പോവുകയാണ്. സ്വർഗ്ഗത്തിന്റെ രചയിതാവ് തീർച്ചയായും ദേവീദേവതകളാക്കിയാണ് മാറ്റുക. ഭഗവാന്റെ വാക്കുകളാണ്– നിങ്ങൾക്ക് എന്റേയും ഈ സൃഷ്ടി ചക്രത്തിന്റെ ആദി മദ്ധ്യ അന്ത്യത്തിന്റേയും രഹസ്യങ്ങൾ മനസ്സിലാക്കിത്തരുകയാണ്. ഈ ലോകത്തിന്റെ ചക്രത്തെ മനസ്സിലാക്കണം. ഈ സ്വദർശന ചക്രത്തെ കറക്കുന്നതിലൂടെ നിങ്ങൾ ചക്രവർത്തീ രാജാറാണിയാവും. തീർച്ചയായും പവിത്രമായി മാറണം. ബാബയോട് പ്രതിജ്ഞ ചെയ്യണം. ഇല്ലെങ്കിൽ കാലന്റെ വായിൽപ്പോയിപ്പെടും, പിന്നെ ഇത്രയും ഉയർന്ന പദവി നേടാൻ കഴിയില്ല. കാമചിത കാരണത്താൽ കറുത്തുപോയി. ജ്ഞാനചിതയിൽ ഇരിക്കുന്നതിലൂടെ നിങ്ങൾ വെളുത്തതാകുന്നു. മക്കളെ വെളുത്തവരാക്കുക ഇത് ഈ അച്ഛന്റെ തന്നെ ജോലിയാണ്, അതിനായി തീർച്ചയായും സംഗമത്തിൽ തന്നെ വരേണ്ടിവരും. ഇതാണ് സർവ്വോത്തമ യുഗം. എന്തെന്നാൽ ഇപ്പോഴാണ് പരമാത്മാവിന്റേയും ആത്മാക്കളുടേയും മിലനം നടക്കുന്നത്. നിരാകാരനായ ബാബ ഈ ശരീരം ലോൺ എടുത്തിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ ബാബയ്ക്ക് സ്വന്തമായി ശരീരമില്ല. ജ്ഞാനേശ്വരനല്ലാതെ മറ്റൊരാൾക്കും ഈ ജ്ഞാനത്തിന്റെ കണ്ണ് തുറന്നുതരാൻ കഴിയില്ല. പാവനമായ ആത്മാക്കൾ ആരെല്ലാം തന്നെ വന്നാലും അവരും പതീതമാകുന്നു. സതോ, രജോ, തമോയിലേയ്ക്ക് എല്ലാവർക്കും വരുകതന്നെ വേണം. ഈ സമയം എല്ലാവരും പതീതമാണ് പിന്നെ എല്ലാവരും ഇവിടെത്തന്നെയുണ്ട്. ആരും തിരിച്ച് പോയിട്ടില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ വിശ്വത്തിന്റെ അധികാരികളായി മാറുന്നു. ശിവബാബ പറയുന്നു ഞാനാണെങ്കിൽ നിഷ്കാമിയാണ്, നിങ്ങളെയാണ് വിശ്വത്തിന്റെ അധികാരികളാക്കി മാറ്റുന്നത്. എനിക്ക് ഫലത്തിന്റെ ഇച്ഛ ഒട്ടും തന്നെയില്ല. എങ്കിൽ നിഷ്കാമിയായില്ലേ.

ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– ഇവിടെ സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി അശരീരിയായി വേണം ഇരിയ്ക്കാൻ. ഇപ്പോൾ നമ്മൾ തിരിച്ച് പോവുകയാണ് പിന്നീട് വീണ്ടും സ്വർഗ്ഗത്തിലേയ്ക്ക് രാജ്യം ഭരിയ്ക്കാൻ വരും. ഈ ശരീരത്തെ ഉപേക്ഷിച്ച് അശരീരിയായി മാറിവേണം പോകാൻ. ശരീരം പഴയതായിരിക്കുന്നു. ഇപ്പോൾ വീണ്ടും നമ്മൾ വീട്ടിലേയ്ക്ക് തിരിച്ച് പോവുകയാണ്. കല്പ കല്പം നമ്മൾ രാജ്യമെടുക്കുന്നു പിന്നെ നഷ്ടപ്പെടുത്തുന്നു. ബാബ സുഖ–ദുഃഖങ്ങൾ നൽകുന്നില്ല. ബാബ എന്നും സുഖദാതാവാണ്. ബാബ മനസ്സിലാക്കിത്തന്നു വിനാശത്തിന്റെ ജ്വാല ഈ രുദ്രജ്ഞാനയജ്ഞത്തിൽ നിന്നാണ് പ്രജ്ജ്വലിതമായത്. കുട്ടികൾ സാക്ഷാത്ക്കാരവും ചെയ്തിരുന്നു. ഏതൊരു കാര്യം സാക്ഷാത്ക്കാരത്തിലൂടെ കണ്ടുവോ അത് പിന്നീട് ഈ കണ്ണുകളിലൂടെ കാണും. നിങ്ങൾ ദിവ്യദൃഷ്ടിയിൽ കണ്ടതുപോലെ നിങ്ങൾ വീണ്ടും പ്രാക്ടിക്കലായി സ്വർഗ്ഗത്തിൽ പോയിരിക്കും. ഇപ്പോൾ നിങ്ങൾ കൃഷ്ണപുരിയിലേയ്ക്ക് പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. ഭഗവാൻ വരുന്നത് ഭക്തരുടെ മംഗളം ചെയ്യുന്നതിനാണ്, ഗതിയും സദ്ഗതിയും നൽകുന്നതിനാണ്. അതിനാൽ നിങ്ങൾ ഭഗവാനിലൂടെ സ്വർഗ്ഗത്തിന്റെ സമ്പത്ത് എടുക്കുകയാണ്. ജ്ഞാനം ഭക്തി ഇവ രണ്ടും രണ്ടുകാര്യങ്ങളാണ്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) പഠിപ്പ് പഠിച്ച് സ്വയം തന്നോടുതന്നെ കൃപ കാണിക്കണം. ബാബയോട് കൃപ യാചിക്കരുത്.

2) സ്വദർശന ചക്രധാരിയായി മാറി മായാജീത്തും ജഗദ്ജീത്തുമായി മാറണം. മായയെ പേടിക്കുകയോ പരിഭ്രമിക്കുകയോ അരുത്. അശരീരിയാകുന്നതിനുള്ള അഭ്യാസം ചെയ്യണം.

**വരദാനം:- ഒരേ സമയം മനസ്സ്-വാക്ക്-കർമ്മത്തിലൂടെ ഒരുമിച്ച് സേവനം ചെയ്യുന്ന സഫലതാ സമ്പന്നരായി ഭവിക്കൂ**

എപ്പോൾ ഏതെങ്കിലും സ്ഥാനത്തിന്റെ സേവനം ആരംഭിക്കുന്നോ അപ്പോൾ ഒരേ സമയം സർവ്വ പ്രകാരത്തിലുള്ള സേവനവും ചെയ്യൂ. മനസ്സിൽ ശുഭ ഭാവന, വാക്കിൽ ബാബയുമായി സംബന്ധം യോജിപ്പിക്കുന്നതിനുള്ള ശുഭ കാമനയുടെ ശ്രേഷ്ഠ വാക്ക് അതുപോലെ സംബന്ധ സമ്പർക്കത്തിൽ വരുന്നതിലൂടെ സ്നേഹത്തിന്റെയും ശാന്തിയുടെയും സ്വരൂപത്തിലൂടെ ആകർഷിക്കൂ. ഇങ്ങനെ സർവ്വ പ്രകാരത്തിലുള്ള സേവനവും ഒരുമിച്ച് ചെയ്യുന്നതിലൂടെ സഫലതാ സമ്പന്നമാകും. സേവനത്തിന്റെ ഓരോ ചുവടിലും സഫലത അടങ്ങിയിട്ടുണ്ട് - ഈ നിശ്ചയത്തിന്റെ ആധാരത്തിൽ സേവനം ചെയ്തുകൊണ്ട് പോകൂ.

**സ്ലോഗൻ:- ശുദ്ധ സങ്കൽപങ്ങളെ തന്റെ ജീവിതത്തിന്റെ അമൂല്യ ഖജനാവാക്കി മാറ്റൂ അപ്പോൾ അത്തരം സങ്കൽപങ്ങളേ എടുക്കൂ ഏതൊന്നിലാണോ താങ്കളുടേയും മറ്റുള്ളവരുടെയും മംഗളം അടങ്ങിയിട്ടുള്ളത്.**